നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ തടസ്സമില്ല. നമുക്ക് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കുന്നതാണ്. സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന അഭിപ്രായത്തെക്കുറിച്ച് നമുക്ക് ആലോചിക്കാം. അപ്പോൾ നമ്മുടെ കുഴപ്പം തീർന്നു, ഒക്കെ സി.ബി. ഐ. നോക്കിക്കൊള്ളും. അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ബി. വിജയകുമാർ</u> : ഹരിജൻ സ്ത്രീകളുടെ പരാതികൾ പരിശോധിക്കുന്നതിന് ഐ.ജി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇപ്പോൾ ദൈവങ്ങളുടെ കാര്യം അന്വേഷിക്കാൻ പോലീസിന്റെ ഒരു പ്രത്യേക വിഭാഗം വേണമെന്നുള്ള സ്ഥിതിയുമുണ്ട്. ഭക്തജനങ്ങൾ വിവാഹത്തിനും മറ്റ് മംഗള കർമ്മത്തിനും പോകുമ്പോൾ തേങ്ങ വാങ്ങി ഉടയ്ക്കാനുള്ള സൗകര്യം പഴവങ്ങാടി ഗണപതി കോവിലിനു മുൻപിലുണ്ടായിരുന്നു. ഞങ്ങളൊക്കെ ജനിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന സൗകര്യമായിരുന്നു അത്. ശ്രീ. ജോതി ബസു ഇവിടെ വന്നപ്പോൾ 1001 തേങ്ങ അവിടെ അടിച്ചു. ആ സൗകര്യം ഇന്ന് അവസാനിപ്പിച്ചുകൊണ്ട് പോലീസ് ആ നാളികേരം മുഴുവൻ എടുത്തുകൊണ്ടുപോവുകയും അവിടെ അത്യാവശ്യത്തിനു വരുന്ന ആളുകൾ എവിടെയെങ്കിലും ചെന്ന്, കിലോമീറ്ററോളം പോയി തേങ്ങ വാങ്ങിക്കൊണ്ടുവന്ന് ഉടയ്ക്കേണ്ട ഒരു ഗതികേട് പോലീസ് നടപ്പിൽ വരുത്തിയത് അങ്ങ് പറഞ്ഞ പരിഷ്കാരങ്ങളുടെ ഭാഗമാണോ; അല്ലെങ്കിൽ ആ നടപടി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇപ്പോൾ പിൻവലിക്കാൻ ആവുകയില്ല. എന്താണ് കാരണമെന്ന് പറഞ്ഞാൽ അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തി ഏതാണെന്ന് എനിക്കറിയാം. ഡി.വൈ.എഫ്.ഐ.ക്കാരുടെ ഒരു ഗ്രൂപ്പും ബി.ജെ.പി.ക്കാരുടെ ഒരു ഗ്രൂപ്പും അവിടെ തേങ്ങ വിൽക്കുന്നുണ്ട്. ബി.ജെ.പി വിൽക്കുന്ന തേങ്ങ മാത്രമേ അവിടെ ഉടയ്ക്കാവൂ എന്ന നിബന്ധന വന്നപ്പോൾ കമ്മീഷണറും പോലീസും ഉത്തരവാദപ്പെട്ടവരും കൂടി ആലോചിച്ചു പരിഹരിക്കണമെന്ന് നിർദ്ദേശം കൊടുത്തു. ഞങ്ങൾ അതിൽ ഇടപെടുന്നില്ല. ഇവിടുത്തെ കോർപ്പറേഷൻ കമ്മീഷണറും പോലീസും അതിന്റെ ഭാരവാഹികളും കൂടിയാലോചിച്ച് പ്രശ്നം തീർക്കണം. നിങ്ങൾ പറഞ്ഞത് ആർ.എസ്. എസ്.ന് പിൻതുണയാണ് എന്ന് അതിനു എന്നെ കിട്ടുകയില്ല. അതിന്റെ പിന്നിലുള്ള ചരിത്രം ഞാൻ പഠിച്ചിരിക്കുകയാണ്. വളരെക്കാലമായി ഒരു കക്ഷി നടത്തിക്കൊണ്ടിരിക്കുന്നതിൽ വേറൊരു കക്ഷി ഇപ്പോൾ പ്രവേശിച്ചു. രണ്ട് കക്ഷികളും തമ്മിൽ സംഘട്ടനമായി. ഡി.വൈ.എഫ്.ഐ.യും ആർ.എസ്. എസും. കമ്മീഷണറും പോലീസും അവിടത്തെ ഭാരവാഹികളും തമ്മിൽ ചർച്ച ചെയ്ത് പ്രശ്നം തീർക്കണം. ഞങ്ങൾ അതിലില്ല. നിങ്ങൾക്ക് അതിന്റെ കഥ അറിയില്ല. എനിക്കറിയാം. എന്നെ കിട്ടുകയില്ല. നിങ്ങൾ ആർ.എസ്. എസ്സിന്റെ ആളായിട്ടു പറഞ്ഞാൽ അതിന്റെ മുഴവൻ കഥകളും അറിയുന്നവനാണ് ഞാൻ. നിങ്ങൾക്ക് ഒന്നും അറിയില്ല.തേങ്ങയുടെ കഥയാണ് ഇതിനു പിന്നിൽ. അതാണ് ഞാൻ പറഞ്ഞത് ശ്രീ.ബി.വിജയകുമാർ എന്നോടു കഥയൊന്നും പറയണ്ട.

3 (*3) ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തന പുരോഗതി

<u>ശ്രീ. പി. വിശ്വൻ</u>

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എം.എ. തോമസ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നടപ്പുവർഷത്തെ പ്രവർത്തനങ്ങളുടെ പുരോഗതി എന്തൊക്കെയാണെന്നും ഇതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതികളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിലും അർഹമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിലും എത്രമാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1999-2000 വർഷത്തേക്കുള്ള പദ്ധതി നടത്തിപ്പിനുള്ള രൂപരേഖയ്ക്ക് അവസാന രൂപം നൽകിയിട്ടുണ്ടോ; ഇതിനായി ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ;

(ഡി) ജനകീയാസൂത്രണ പരിപാടികൾ യഥാസമയം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ സമയം നൽകുന്നതിനും ജനകീയാസൂത്രണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ജനകീയാസൂത്രണത്തിന്റെ പുരോഗതി.

(1) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും കർമ്മസമിതികൾ രൂപീകരിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

(2) 15-6-99 വരെ ലഭിച്ച കണക്കുപ്രകാരം 981 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകളും 56 നഗരസഭകളിൽ വാർഡ് കൺവെൻഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്.

(3) 1153 തദ്ദേശ സ്ഥാപനങ്ങളിൽ വികസന സെമിനാർ നടത്തിയിട്ടുണ്ട്.

(4) 844 തദ്ദേശ സ്ഥാപനങ്ങൾ പദ്ധതിരേഖ വിദഗ്ദ്ധ സമിതികൾക്ക് നല്കിയിട്ടുണ്ട്.

(5) 81 തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിരേഖയും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(6) 22 ഗ്രാമപഞ്ചായത്തുകളുടെയും രണ്ട് മുനിസിപ്പാലിറ്റികളുടെയും പദ്ധതിരേഖ ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിച്ചിട്ടുണ്ട്.

(7) പ്രോജക്ടുകൾക്ക് സാങ്കേതിക അനുവാദം നൽകുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സംസ്ഥാന ആസൂത്രണബോർഡ് സ്വീകരിച്ച നടപടികൾ.

(1) നടപ്പു ധനകാര്യ വർഷത്തിൽ മൂന്നാം വാർഷിക പദ്ധതിയുടെ ആസൂത്രണ പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തി വരുന്നത്. കഴിഞ്ഞ വർഷത്തെ ആസൂത്രണ നടപടികൾ പൂർത്തിയാക്കുവാൻ ഒക്ടോബർ മാസം വരെ സമയം വേണ്ടി വന്നു. എന്നാൽ നടപ്പു വർഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആസൂത്രണ പരിപാടികൾ ജൂലൈ മദ്ധ്യത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ആസൂത്രണബോർഡ് സ്വീകരിച്ചിട്ടുണ്ട്.

(2) ജനകീയാസൂത്രണ കോ-ഓർഡിനേറ്റർമാരുടെയും വിദഗ്ദ്ധ സമിതി ചെയർമാൻമാരുടെയും സംസ്ഥാനതല ശിൽപ്പശാല നടത്തുകയുണ്ടായി.

(3) എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും ഓരോ ഗ്രാമപഞ്ചായത്തിൽ നിന്ന് ഓരോ ഗ്രാമപഞ്ചായത്തു പ്രതിനിധികളുടെയും ഏകദിന കോൺഫറൻസ് സംഘടിപ്പിക്കുകയുണ്ടായി.

(4) വിദഗ്ദ്ധ സമിതികളുടെയും വിഷയ സമിതികളുടെയും ചെയർമാൻമാർ, കൺവീനർമാർ എന്നിവരുടെ ജില്ലാതല കൺവെൻഷനുകൾ നടത്തിയിട്ടുണ്ട്.

(5) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ,സെക്രട്ടറിമാർ എന്നിവരുടെ സംസ്ഥാനതല കോൺഫറൻസ് നടത്തുകയുണ്ടായി.

(6) ജില്ലാ ആസൂത്രണ സമിതി അംഗങ്ങളുടെ ഏകദിന കോൺഫറൻസ് നടത്തുകയുണ്ടായി.

(7) പദ്ധതി ആസൂത്രണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി ഗവൺമെന്റ് അംഗീകാരത്തോടെ പുറപ്പെടുവിച്ചു.

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ഗുണമേൻമയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

1. വിവിധ തലങ്ങളിലുള്ള തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പരിപാടികളുടെ ആവർത്തനം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിച്ചു.

2. കേവലം ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ മാത്രം ലക്ഷ്യമാക്കിയുള്ള വ്യക്തിഗത ആസ്തികൾ നൽകുന്ന പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. സബ്സിഡിയുടെ അതിപ്രസരം കുറയ്ക്കുവാനും സബ്സിഡി നൽകുന്ന ഇനങ്ങളുടെ എണ്ണം നിജപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

4. കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും തനതു ഫണ്ടും പ്രാദേശിക പദ്ധതികളിൽ ഉദ്ഗ്രഥിക്കുന്ന കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

5. വനിതാ ഘടക പദ്ധതിക്ക് 11 ശതമാനത്തോളം പദ്ധതി വിഹിതം നീക്കി വയ്ക്കുവാനും കൂടുതൽ മെച്ചപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുവാനും സാധിച്ചിട്ടുണ്ട്.

6. 1998-99 വാർഷിക പദ്ധതിക്ക് ഗുണഭോക്താക്കളെ സുതാര്യമായ രീതിയിൽ തെരഞ്ഞെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

7. 1999-2000 വാർഷിക പദ്ധതിയിലേയ്ക്ക് പരിഷ്കരിച്ച നിർദ്ദേശങ്ങൾ നൽകുന്നതാണ്.

(സി) 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 1999-2000 വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആസൂത്രണ സമിതികളും യോഗം ചേർന്ന് ഇതിനായി ഒരു കാര്യപരിപാടി അംഗീകരിച്ചു പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും പദ്ധതി രേഖയ്ക്ക് ജൂലൈ 15-ാം തീയതിയോടെ അംഗീകാരം നൽകണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) 1. തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി രേഖയും പ്രോജക്ടുകളും വിദഗ്ദ്ധ സമിതികളുടെ പരിശോധനയ്ക്കു നൽകുന്നതിനും ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും തീയതി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. 1999-2000 ആണ്ടിൽ പദ്ധതി നിർവ്വഹണത്തിനായി 9 മാസത്തോളം സമയം ലഭിക്കുമെന്ന് ഇതുവഴി ഉറപ്പാക്കിയിട്ടുണ്ട്.

2. തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി രേഖകളും പ്രോജക്ടുകളും നൽകി കഴിഞ്ഞാൽ വിദഗ്ദ്ധ സമിതികൾ അവയുടെ പരിശോധന 10 ദിവസങ്ങൾക്കകം പൂർത്തിയാക്കണമെന്നും പദ്ധതിരേഖകളും പ്രോജക്ടുകളും ജില്ലാആസൂത്രണ സമിതികൾക്ക് സമർപ്പിച്ചു കഴിഞ്ഞാൽ 10 ദിവസങ്ങൾക്കകം അംഗീകാരം നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, ജനകീയാസൂത്രണ പ്രസ്ഥാനം കൊണ്ട് വികസനരംഗത്ത് വലിയ മാറ്റം ഉണ്ടായിരിക്കുകയാണ്. വിദഗ്ദ്ധ സമിതികളുടെ ചുമതലകൾ എന്തൊക്കെയാണെന്നും സമിതികൾ തുടരേണ്ടതുണ്ടോ എന്നും വിശദമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : വിദഗ്ദ്ധസമിതിയിൽ രണ്ടു തരം അംഗത്വമാണുള്ളത്. (1) ബന്ധപ്പെട്ട വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർ കൃഷി, മൃഗപരിപാലനം, ഗ്രാമ വികസനം, ചെറുകിട ജലസേചനം, സഹകരണം, വ്യവസായം, റോഡ്, ശുദ്ധജലവിതരണം, ആരോഗ്യം, വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ തുടങ്ങിയ പ്രധാനപ്പെട്ട വികസന വകുപ്പുകളിൽ എല്ലാ ഉദ്യോഗസ്ഥൻമാരും അവശ്യം വേണ്ട അംഗങ്ങളാണ്. (2) അനുദ്യോഗസ്ഥാംഗങ്ങൾ:- സർക്കാർ സേവനത്തിൽ നിന്നോ മറ്റു രംഗങ്ങളിൽ നിന്നോ റിട്ടയർ ചെയ്തവർ. (3) ഗസറ്റഡ് തസ്തികയിൽ അഞ്ചു വർഷത്തെയെങ്കിലും പ്രവൃത്തി പരിചയമുള്ള റിട്ടയർ ചെയ്ത ഗവൺമെന്റ് ഉദ്യോഗസ്ഥർ (4) സർക്കാർ-ഇതര മേഖലകളിൽ ജോലിയിൽ ഉള്ളവരോ, റിട്ടയർ ചെയ്തവരോ ആണെങ്കിൽ ബിരുദാനന്തര ബിരുദമോ, പ്രൊഫഷണൽ ബിരുദമോ ഉള്ളവരും ഏതെങ്കിലും വികസന മേഖലയിൽ ഓഫീസർ പദവിക്കു തുല്യമായി അഞ്ചുവർഷത്തെ പ്രവർത്തന പരിചയമുള്ളവർ. (5) വികസന മേഖലകളിൽ പ്രത്യേക പരിചയമുള്ള കെ.ആർ.പി.യോ, ഡി.ആർ.പി.യോ. (6) ജനകീയാസൂത്രണത്തിലെ പ്രോജക്ട് ക്ലിനിക്കുകളിൽ പങ്കെടുത്തിട്ടുള്ള ബാങ്കിംഗ് ജീവനക്കാർ.

വിദഗ്ദ്ധ സമിതിയുടെ ചുമതലകൾ : വിദഗ്ദ്ധ സമിതികൾ തദ്ദേശ സ്ഥാപനങ്ങളുടെ ഭരണപരമോ വികസനപരമോ ആയ യാതൊരു കാര്യങ്ങളിലും ഇടപെടുന്നതല്ല. (2) തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ചു നൽകുന്ന പദ്ധതി രേഖകളും പ്രോജക്ടുകളും പരിശോധിക്കുകയും അവ നിർവ്വഹണ യോഗ്യമാക്കുകയും പ്രോജക്ടുകളുടെ സാങ്കേതിക വശം വിശകലനം ചെയ്ത് സാങ്കേതികാനുവാദം നൽകുക എന്നിവയാണ് സമിതിയുടെ പ്രവർത്തനങ്ങൾ. ഉദാഹരണത്തിന്, ഭരണ സമിതികൾ തീരുമാനിച്ചു കഴിഞ്ഞ റോഡ്, പാലം, കെട്ടിടങ്ങൾ മുതലായവയുടെ വിശദമായ എസ്റ്റിമേറ്റും വിവിധ ഘടകങ്ങളും പരിശോധിച്ചു അതിന്റെ സാങ്കേതിക സാദ്ധ്യത ഉറപ്പു വരുത്തുക, നിർവ്വഹണത്തിനു അനുയോജ്യമായ നിർദ്ദേശങ്ങൾ നൽകുകയും സാങ്കേതികാനുവാദം നൽകുകയും ചെയ്യുക മാത്രമാണ് സമിതികൾ ചെയ്യുന്നത്. 1997-98 ൽ 67,787

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ടുകളും 1998-99 ൽ 1,17,175 പ്രോജക്ടുകളും തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഇത്രയുമധികം പ്രോജക്ടുകൾ സമയബന്ധിതമായി സൂക്ഷ്മ പരിശോധന നടത്തുന്നതിനും സാങ്കേതികാനുവാദം നൽകുന്നതിനും തദ്ദേശസ്ഥാപനങ്ങളിൽ നിലവിലുള്ള ജീവനക്കാർക്ക് കഴിയുകയില്ല. കൂടാതെ വിദഗ്ദ്ധ സമിതികളുടെ പ്രവർത്തന ചെലവ് കുറച്ചും അനുദ്യോഗസ്ഥാംഗങ്ങൾ സന്നദ്ധസേവനം നൽകിയും കൂട്ടായ്മയിലൂടെ പ്രവർത്തിച്ചും സമയബന്ധിതമായി കാര്യങ്ങൾ നടത്തുന്നതിന് സഹായിക്കുകയുമാണ് ചെയ്യുക. ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അവ രൂപീകരിച്ചിട്ടുള്ളത്. വിദഗ്ദ്ധ സമിതികൾക്ക് നിയമപ്രാബല്യം നൽകുന്നതിനും പഞ്ചായത്ത്, നഗരസഭ നിയമങ്ങളുടെ ഭേദഗതികൾ നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ഇതിനു നിയമ പ്രാബല്യം ഇപ്പോൾ ആവശ്യമില്ലെന്ന ധാരണയിൽ എത്തിയതിനാൽ ആ ഭേദഗതി അംഗീകരിക്കുകയുണ്ടായില്ല. അതേ സമയം ഗവൺമെന്റ് ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതികൾ വേണ്ടെന്ന നിലപാടും സഭ കൈക്കൊണ്ടിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന പ്രോജക്ടുകളുടെ സമയ ബന്ധിതമായ പരിശോധന നടത്തി അനുവാദം നൽകുന്നതിന് സമ്മതം ആവശ്യമാകയാൽ ഇന്നത്തെ സാഹചര്യത്തിൽ പകരം സംവിധാനമുണ്ടാകുന്നതുവരെ വിദഗ്ദ്ധ സമിതികൾ തുടരണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*4) മതതീവ്രവാദ പ്രവർത്തനങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതന്യൂനപക്ഷ സംരക്ഷണമെന്നപേരിൽ മതതീവ്രവാദ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അയൽസംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദി പ്രവർത്തകർ സംസ്ഥാനത്തേയ്ക്ക് കടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് എൻ.ഡി.എഫ്, ആർ.എസ്.എസ്. എന്നീ തീവ്രവാദ സംഘടനകളുടെ പ്രവർത്തനം തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly